**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **15-10-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ സ്കൂൾ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ കില എസ്.പി.വി. ആയ 3 കോടി പദ്ധതിയിൽ വരുന്ന ഷേണായി സ്മാരക ജി. എച്ച്.എസ്.എസ്. കണ്ടങ്കാളി, ജി. എച്ച്.എസ്.എസ്. വെള്ളൂർ, 1 കോടി പദ്ധതിയിൽ വരുന്ന എ.കെ.എ. എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണ് എന്ന് അറിയിക്കാമോ; | (എ) | **1) ഷേണായി സ്മാരക ജി എച്ച് എസ് എസ് കണ്ടങ്കാളി-**കിഫ്ബിയുടെ മൂന്ന് കോടി പദ്ധതിയിൽ ഉൾപെടുത്തിയ ടി സ്കൂളിന് 01/03 /2021 ലെ ഉത്തരവ് നം GED006- 11 /APR-1/2021/KIIFB പ്രകാരം 2,76,01,422/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 07.06.2023 ലെ ഉത്തരവ് നം GED006- 11/APR-2/2023/KIIFB പ്രകാരം 3,82,09,330/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് പദ്ധതി നിർവ്വഹണ ഏജൻസി സാങ്കതികാനുമതി നൽകി, PED അംഗികാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്നും PED യ്ക്ക് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ടി പ്രവർത്തിയുടെ ഫൗണ്ടേഷൻ സംബന്ധിച്ച് കിഫ്ബിയിൽനിന്നും നൽകിയ നിർദ്ദേശം 23/09/2024 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ടി കമ്മിറ്റിയുടെ തിരുമാനം പദ്ധതി നിർവ്വഹണ ഏജൻസി 15.10.2024 ന കിഫ്ബിയെ അറിയിച്ചിട്ടുണ്ട് . ഇത് കിഫ്ബിയിൽ പരിശോധിച്ച് തീരുമാനം അറിയിക്കുന്ന മുറയ്ക്ക് കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്.<br><br>**2) ജി എച്ച് എസ് എസ് വെള്ളൂർ -** കിഫ്ബിയുടെ മൂന്ന് കോടി പദ്ധതിയിൽ ഉൾപെടുത്തിയ ടി സ്കൂളിന് 24 - 09 - 2021 ലെ ഉത്തരവ് നം GED006- 26/ APR-1/2021/KIIFB പ്രകാരം 2,96,37,949/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 27.04.2023 ലെ ഉത്തരവ് നം GED006- 26 / APR-2/2023/KIIFB പ്രകാരം 3,86,88,470/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ |

| | | | |
|---|---|---|---|
| | | | ഏജൻസി സാങ്കേതികാനുമതി ലഭ്യമാക്കുകയും ടി പദ്ധതിയുടെ PED അംഗീകാരത്തിനായി കിഫ്ബിയിൽ 04.10.2024 നു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കിഫ്ബിയിൽ പരിശോധിച്ച് വരികയാണ്. PED യ്ക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്.<br><br>**3)AKASVGHSS പയ്യന്നൂർ**<br><br>കിഫ്ബിയുടെ ഒരു കോടി പദ്ധതിയിൽ ഉൾപെടുത്തിയ ടി സ്കൂളിന് 30.10.2020 ലെ ഉത്തരവ് നം GED003- 27/PE-5-PAD/2020/KIIFB പ്രകാരം 9865932/- രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 04.08.2023 ലെ ഉത്തരവ് നം GED003- 27/ APR-2/2023/KIIFB പ്രകാരം 1,27,32,180/- രൂപയുടെ പുതുക്കിയ ധനാനുമതിയും നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണ ഏജൻസി സാങ്കേതികാനുമതി ലഭ്യമാക്കുകയും, തുടർന്ന് ടി പദ്ധതിയുടെ PED യ്ക്ക് കിഫ്ബിയിൽ നിന്നും 15 .10 .2024 ന് അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തികരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പദ്ധതി പ്രഖ്യാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വിവിധ സാങ്കേതിക പ്രശ്നങ്ങൾ കാരണം പദ്ധതി തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഷേണായി സ്മാരക ജി എച്ച് എസ് എസ് കണ്ടങ്കാളി, ജി എച്ച് എസ് എസ് വെള്ളൂർ എന്നി മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ ആദ്യ പദ്ധതി നിർവ്വഹണ ഏജൻസി കൈറ്റായിരുന്നു. എന്നാൽ പിന്നീട് ടി പദ്ധതി നിർവ്വഹണ ഏജൻസിയെ മാറ്റി ടി സ്കൂളുകൾ ഇൻകെൽ എന്ന പദ്ധതി നിർവ്വഹണ ഏജൻസിയെ നൽകിയിരുന്നു. പിന്നീട് 28.01.2021 ലെ സ. ഉ. (സാ ധാ ) 783/2021/GEdn പ്രകാരം ഇൻകെലിനെ മാറ്റി കിലയെ പദ്ധതി നിർവ്വഹണ ഏജൻസിയായി സർക്കാർ നിയോഗിച്ചു. ഇപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസികളുടെ മാറ്റവും കോവിഡ് തരംഗവും കാരണം പദ്ധതി മന്ദഗതിലായിട്ടുണ്ട്. എന്നാൽ പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കില ടി പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ നീക്കി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വികരിച്ച് വരുന്നു. ടി സ്കൂളുകളുടെ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിച്ച് പദ്ധതി തുടങ്ങാൻ ആവശ്യമായ ഇടപെടൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ഷേണായി സ്മാരക ജി എച്ച് എസ് എസ് കണ്ടങ്കാളി, ജി എച്ച് എസ് എസ് വെള്ളൂർ എന്നി മൂന്ന് കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ ആദ്യ പദ്ധതി നിർവ്വഹണ ഏജൻസി കൈറ്റായിരുന്നു. എന്നാൽ പിന്നീട് ടി പദ്ധതി നിർവ്വഹണ ഏജൻസിയെ മാറ്റി ടി സ്കൂളുകൾ ഇൻകെൽ എന്ന പദ്ധതി നിർവ്വഹണ ഏജൻസിയെ നൽകിയിരുന്നു. പിന്നീട് 28.01.2021 ലെ സ. ഉ. (സാ ധാ ) 783/2021/GEdn പ്രകാരം ഇൻകെലിനെ മാറ്റി കിലയെ പദ്ധതി നിർവ്വഹണ ഏജൻസിയായി സർക്കാർ നിയോഗിച്ചു. ഇപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസികളുടെ മാറ്റവും കോവിഡ് തരംഗവും കാരണം പദ്ധതി മന്ദഗതിലായിട്ടുണ്ട്. എന്നാൽ പുതിയ പദ്ധതി നിർവ്വഹണ ഏജൻസിയായ കില ടി പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ നീക്കി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വികരിച്ച് വരുന്നു. ടി സ്കൂളുകളുടെ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ